**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 456** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓൺ ലൈൻ ലോൺ ആപ്പുകൾക്ക് നിയന്ത്രണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഓൺ ലൈൻ ലോൺ ആപ്പുകൾ വഴി തട്ടിപ്പിനിരയാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ ഓൺലൈൻ ലോൺ വെബ് സൈറ്റുകൾ/ആപ്ലിക്കേഷനുകൾ കണ്ടെത്തി അവ ബ്ലോക്ക് ചെയ്യുകയും National Cybercrime Reporting Portal ൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് കാരണമായ വ്യാജ വെബ് സൈറ്റുകൾ അനലൈസ് ചെയ്ത് അതിനു സമാനമായ വ്യാജ വെബ് സൈറ്റുകൾ/ആപ്ലിക്കേഷനുകൾ എന്നിവ കണ്ടെത്തി നീക്കം ചെയ്ത് വരുകയും ചെയ്യുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വരുന്ന സാമ്പത്തിക തട്ടിപ്പിന് കാരണമാകാവുന്ന പരസ്യങ്ങളും പ്രൊഫൈലുകളും കണ്ടെത്തുകയും അവ പ്ലാറ്റ്ഫോമുകളിൽ നിന്നും നീക്കുകയും ചെയ്യുന്നു. RBI അംഗീകൃത NBFC ക്ക് കീഴിലല്ലാത്ത വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ കണ്ടെത്തി ബ്ലോക്ക് ചെയ്യുന്നു. സൈബർ തട്ടിപ്പുകാരെ അറസ്റ്റ് ചെയ്യുന്നതിനും Mule account കൾ ഉൾപ്പെടെയുള്ളവയുടെ വ്യാപനം തടയുന്നതിലേക്കും "CY-HUNT Operation" എന്ന പേരിലും തട്ടിപ്പിലൂടെ നഷ്ടപ്പെട്ട പണം തിരിച്ച് പിടിക്കുന്നതിലേക്കായി ചെക്ക്, ATM വഴി തട്ടിപ്പ് പണം പിൻവലിക്കുന്നവരെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിലേക്കുമായി സംസ്ഥാന വ്യാപകമായി സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു. സൈബർ സ്പേസിൽ എങ്ങനെ സുരക്ഷിതരായിരിക്കണം എന്നതിനെക്കുറിച്ച് സ്കൂൾ, കോളേജുകൾ, ബാങ്കുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. മാത്രമല്ല ഇന്ത്യയിലുടനീളം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (RBI) യാതൊരുവിധ അംഗീകാരമോ ലൈസൻസോ ഇല്ലാതെ പ്രവർത്തിക്കുകയും സാമ്പത്തിക തട്ടിപ്പുകളിൽ ഏർപ്പെടുകയും ചെയ്ത 1436 വ്യാജ ലോൺ ആപ്പുകളുടെ ഇന്റർനെറ്റ് ആക്സസ് നിയമപരമായ പരിശോധനകൾക്കും കൃത്യമായ നടപടിക്രമങ്ങൾക്കും ശേഷം നാളിതുവരെയായി ബ്ലോക്ക് ചെയ്തിട്ടുണ്ട്. കൂടാതെ തട്ടിപ്പുകൾക്കായി ഉപയോഗിച്ചിരുന്ന 5857 വ്യാജ ലോൺ വെബ് സൈറ്റുകളും കേരളാ പോലീസ് സൈബർ ഡിവിഷൻ പൂർണ്ണമായും സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത തട്ടിപ്പിനിരയാകുന്നവർക്ക് പരാതി നൽകാനുള്ള സംവിധാനവും അവർക്ക് ലഭിക്കുന്ന നിയമ പരിരക്ഷയും വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന National Cyber crime Reporting Portal ന്റെ Toll free number "1930" കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പ് ഉൾപ്പെടെയുള്ള ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പരാതികൾ പൊതുജനങ്ങൾക്ക് ഈ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. www.cybercrime.gov.in എന്ന വെബ് പോർട്ടലിലും പൊതുജനങ്ങൾക്ക് നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ 9497980900 എന്ന വാട്ട്സ് ആപ്പ് നമ്പറിൽ പൊതുജനങ്ങൾക്ക് വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പിനെക്കുറിച്ചുള്ള പരാതികൾ വാട്ട്സ് ആപ്പ് ചെയ്യാവുന്നതാണ്. ലഭിക്കുന്ന പരാതികൾ National Cyber crime Reporting Portal-ൽ രജിസ്റ്റർ ചെയ്തശേഷം പരാതിക്കാരന്റെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിലേക്ക് തുടർ അന്വേഷണത്തിനായി കൈമാറുന്നു.

**സെക്ഷൻ ഓഫീസർ**